"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

# KPCS/ 5809/2025-WP1 സർക്കുലർ നം 03/2026

ബഹു.കേരള ഹൈക്കോടതിയുടെ WP(C) of No.867/2024 എന്ന എന്ന കേസിൻ മേലുള്ള ഉത്തരവിൻ പ്രകാരം ഇ-പ്രിസൺ സോഫ്റ്റ് വെയറിൽ integrate ചെയ്തിട്ടുള്ള പുതിയ മൊഡ്യൂളുകൾ, ഫീൽഡുകൾ, മറ്റ് അപ്ഡേഷനുകൾ എന്നിവ സംബന്ധിച്ച് NIC, Delhi ടീം ജയിൽ ഉദ്യോഗസ്ഥർക്കായി 02/03/26, 03/03/2026, 05/03/206 എന്നീ ദിവസങ്ങളിൽ ഓൺലൈൻ ട്രെയിനിംഗ് നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജയിലുകളും ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമുള്ള വിവരങ്ങൾ ഇ-പ്രിസൺ സോഫ്റ്റ് വെയറിൽ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യേണ്ടതും എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആയത് ടെക്നിക്കൽ സെൽ മുഖാന്തിരം പരിഹരിക്കേണ്ടതുമാണ്.

സംസ്ഥാനത്തെ ജയിൽ വകുപ്പിൽ പ്രതികളുടെ പ്രാഥമിക വിവരങ്ങൾ, കേസ് വിവരങ്ങൾ, പരോൾ, വിടുതൽ, Remission, appeal, Premature Release, Legal aid എന്നിവ രേഖപ്പെടുത്തുന്ന സോഫ്റ്റ് വെയറായ ഇ-പ്രിസൺസിൽ ഡേറ്റാ എൻട്രി ചെയ്യുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പ്രതികളുടെ അഡ്മിഷൻ **ICJS** വഴി എടുക്കുകയും, ഏതെങ്കിലും പ്രതികളുടെ കേസ് വിവരങ്ങൾ **ICJS** ൽ ലഭ്യമല്ലായെങ്കിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്ന ബന്ധപ്പെട്ട സ്റ്റേഷനുമായി ബന്ധപ്പെട്ട് **ICJS** ൽ അപ്ഡേറ്റ് ചെയ്തതിനു ശേഷം അഡ്മിഷൻ എടുക്കേണ്ടതാണ്. ICJS ൽ Integrate ചെയ്തിട്ടില്ലാത്ത Excise, Forest, Customs, കേന്ദ്ര / സ്പെഷ്യൽ ഏജൻസികളുടെ കേസുകൾ എന്നിവ ഇ-പ്രിസണിൽ ലഭ്യമായിട്ടുള്ള 'New Prisoner' മുഖാന്തിരം അഡ്മിഷൻ എടുക്കാവുന്നതാണ്.

2. **ICJS** വഴി അഡ്മിഷൻ എടുക്കുന്ന പ്രതികളുടെ ഫോട്ടോ, ഫിംഗർ പ്രിന്റ് , കേസ് സംബന്ധമായ വിവരങ്ങൾ എന്നിവ കൃത്യമായി വാറണ്ട് പരിശോധിച്ച ശേഷം

എന്റർ ചെയ്യുക. കേസ് എൻട്രി നടത്തുമ്പോൾ പ്രതികളുടെ അഡ്വക്കേറ്റിന്റെ വിവരങ്ങൾ എന്റർ ചെയ്യുക. പ്രതിയ്ക്ക് ലീഗൽ എയ്ഡ് കൗൺസിൽ വഴിയാണ് അഡ്വക്കേറ്റിനെ വയ്ക്കുന്നതെങ്കിൽ അഡ്വക്കേറ്  ടൈപ്പ് എന്നുള്ളടത്ത് ലീഗൽ എയ്ഡ്  എന്നുള്ളത് സെലക്റ്റ് ചെയ്തു നൽകുക.

3.ഇ-പ്രിസൺ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള 'Court Order' മൊഡ്യൂളിൽ സംസ്ഥാനത്തെ വിവിധ കോടതികളിൽ നിന്നും അയക്കുന്ന ജാമ്യ/വിട്ടുതൽ ഉത്തരവുകൾ ജയിലുകളിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ ദിവസവും കൃത്യമായ ഇടവേളകളിൽ ടി മൊഡ്യൂൾ പരിശോധിക്കേണ്ടതും ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. ബഹു.സുപ്രീം കോടതിൽ ഫയൽ ചെയ്ത  ക്രിമിനൽ അപ്പീൽ നം.529/2021 എന്ന അപ്പീലിന്മേൽ ബഹു.കോടതി നൽകിയ നിർദ്ദേശത്തെ തുടർന്ന് ജാമ്യം ലഭിച്ചിട്ടും ജാമ്യ വ്യവസ്ഥകൾ പാലിക്കാനാകാതെ ജയിലിനുള്ളിൽ കഴിയുന്ന തടവുകാരുടെ വിവരങ്ങൾ, Remission, Leave/Parole, Mercy Petition, ലീഗൽ എയ്ഡ് കേസുകളുടെ വിവരങ്ങൾ, തടവുകാരുടെ അകാല വിട്ടുതൽ  എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ  ഇ പ്രിസൺസിൽ സമയ ബന്ധിതമായി ഡേറ്റാ എൻട്രി നടത്തുക. ഈ മൊഡ്യൂളുകളിൽ ജയിലുകളിൽ നിന്നും നിർവ്വഹിക്കുന്ന ഡേറ്റാ DLSA, KELSA, ഹൈക്കോടതി എന്നിവർക്ക് ട്രാക്ക് ചെയ്യുന്നതിന് സാധിക്കുന്നതാണ്. ആയതിനാൽ എല്ലാ ഫീൽഡുകളും പൂരിപ്പിച്ച്  ഡേറ്റാ എൻട്രി നടത്തേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

5.ഓരോ ദിവസത്തെയും തടവുകാരുടെ ഡേറ്റാ എൻട്രി സംബന്ധിച്ച വിവരങ്ങൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.തടവുകാരുടെ വിവരങ്ങൾ ICJS മുഖാന്തിരം മറ്റ് വകുപ്പുകൾക്ക് ആക്സസ് ചെയ്യുവാൻ സാധിക്കുന്നതിനാൽ  കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. വകുപ്പ് അദ്ധ്യക്ഷൻ  ആവശ്യപ്പെടുന്ന വിവരങ്ങൾ  ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നും നേരിട്ട് നൽകുന്നതിനാൽ സ്ഥാപനമേധാവികൾ  ഇക്കാര്യം പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

6. ടി മൊഡ്യൂളുകളിൽ ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ ടെക്നിക്കൽ സെല്ലുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

കൂടാതെ Suggestions/Modifications/Additional fields എന്നിവ വേണമെങ്കിൽ ആയതിന്റെ ഒരു പ്രൊപ്പോസൽ തയ്യാറാക്കി ടെക്നിക്കൽ സെല്ലിന് കൈമാറേണ്ടതാണ്.

Balram Kumar Upadhyay
DIRECTOR GENERAL

സ്വീകർത്താവ്:- എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :- ഓഫീസ് കോപ്പി/കരുതൽ ഫയൽ /ജയിൽ വെബ്സൈററ്

Digitally signed by
Dinesh Bhagavathi Pillai
Date: 12-03-2026
12:41:39